139

നം. 7267/എസ്റ്റാ.ബി1/13/സി.ആർ.ഡി (1)

ഗ്രാമവികസന കമ്മീഷണറേറ്റ്
എൽ.എം.എസ്.കോമ്പൗണ്ട്
തിരുവനന്തപുരം
തീയതി: 24.04.2013

# സർക്കുലർ

വിഷയം:- ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - താൽക്കാലിക ചാർജ്ജ് ക്രമീകരണം - സംബന്ധിച്ച്.

ചില പ്രത്യേക സാഹചര്യത്തിൽ ബ്ലോക്ക് ഡവലപ്മെന്റ് ആഫീസർ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർ സ്വയം താൽക്കാലിക ചാർജ്ജ് ക്രമീകരണം നടത്തുന്നതായും ഇത്തരം നടപടിക്ക് യഥാസമയം നിയമനാധികാരിയായ ഗ്രാമവികസന കമ്മീഷണറുടെ സാധൂകരണം വാങ്ങാതെ ചാർജ്ജ് അലവൻസിന് അപേക്ഷിക്കുമ്പോൾ മാത്രം സാധൂകരണത്തിന് അപേക്ഷിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത് ശരിയായ നടപടിയല്ല. ആകയാൽ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർമാർ ഏർപ്പെടുത്തുന്ന താൽക്കാലിക ചുമതലാ ക്രമീകരണത്തിന് യഥാസമയം തന്നെ ഗ്രാമവികസന കമ്മീഷണറുടെ സാധൂകരണം വാങ്ങേണ്ടതാണെന്ന് ഇതിനാൽ കർശനമായി നിർദ്ദേശം നൽകുന്നു.

ഒപ്പ്
ആർ. രാജഗോപാൽ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഗ്രാമവികസന കമ്മീഷണർക്കുവേണ്ടി

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്

പകർപ്പ്:-

1. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർക്കും
2. ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

S.B.24.04